14366
27/10/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - 2014-ൽ ദർഘാസ് ലേല വ്യവസ്ഥയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (എം.എസ്.)നം.79/2015/വനം തീയതി, തിരുവനന്തപുരം, 21.10.2015.

---

**പരാമർശം** :- 06.03.2014, 24.03.2014, 26.08.2014 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ പ്രൊ(5)46630/2013 നമ്പർ കത്ത്.

**ഉത്തരവ്**

കേരള വനംവകുപ്പിൽ തടി മറ്റ് വന വിഭവങ്ങൾ എന്നിവയുടെ ലേലം നടന്നു വരുന്നത് സർക്കാർ അംഗീകരിച്ച പൊതു ദർഘാസ് ലേല വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. പരാമർശം (1)-ലെ കത്തു പ്രകാരം സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നൽകിയ ശുപാർശയിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിലവിലെ വ്യവസ്ഥകളിൽ 2014 ദർഘാസ് / ലേല വ്യവസ്ഥയിലെ ക്രമനമ്പർ 5-ലെ ബാക്കി പണം അടയ്ക്കലും തടികൾ നീക്കം ചെയ്യലും എന്ന ശീർഷകത്തിലെ (എ) മുതൽ (ഇ) വരെയുള്ള ഉപശീർഷകങ്ങൾക്ക് പുറമെ (എഫ്) ആയി ലേല നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേല ദിവസങ്ങളിൽ അടവാക്കിയ/ അടച്ച തുക സർക്കാരിലേക്ക് കണ്ടു കെട്ടുന്നതിനോടൊപ്പം പുനർലേലത്തിൽ ഉണ്ടാവുന്ന സർക്കാർ നഷ്ടം പ്രത്യേകം ഈടാക്കാവുന്നതാണെന്നും ഈ പുതിയ വ്യവസ്ഥ ഉത്തരവ് തീയതി മുതലുള്ള എല്ലാ ദർഘാസ്/ ലേലങ്ങൾക്കും ബാധകമായിരിയ്ക്കുന്നതാണ് എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) -ന്റെ ശുപാർശ അംഗീകരിച്ചു. ലേല വ്യവസ്ഥയിൽ ക്രമനമ്പർ 5-ലെ ബാക്കി പണം അടയ്ക്കലും തടികൾ നീക്കം ചെയ്യലും എന്ന വ്യവസ്ഥയിൽ (എഫ്) ആയി ലേല നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേല ദിവസം അടവാക്കിയ / അടച്ച തുക സർക്കാരിലേയ്ക്ക് കണ്ടു കെട്ടുന്നതോടൊപ്പം പുനർ ലേലത്തിൽ ഉണ്ടാവുന്ന സർക്കാർ നഷ്ടം പ്രത്യേകം ഈടാക്കാവുന്നതാണ് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു. ഈ പുതിയ വ്യവസ്ഥ ഉത്തരവ് തീയതി മുതലുള്ള എല്ലാ ദർഘാസ്/ ലേലങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
**കൃഷ്ണകുമാർ.റ്റി.വി.,**
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
വെബ്ബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.